## പതിനഞ്ചാം കേരള നിയമസഭ

## മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## പതിമൂന്നാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

# മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-19) യുടെ ഒന്നാമത് റിപ്പോർട്ടിലെ (സുനാമി പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ച ഫ്ലാറ്റുകളുടെ ശോച്യാവസ്ഥയും മത്സ്യത്തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങളും സംബന്ധിച്ച റിപ്പോർട്ട്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

## പതിനഞ്ചാം കേരള നിയമസഭ

## മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

**പതിമൂന്നാമത് റിപ്പോർട്ട്**

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-19) യുടെ ഒന്നാമത് റിപ്പോർട്ടിലെ (സുനാമി പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ച ഫ്ലാറ്റുകളുടെ ശോച്യാവസ്ഥയും മത്സ്യത്തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങളും സംബന്ധിച്ച റിപ്പോർട്ട്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | - | v |
| ആമുഖം | - | vii |
| റിപ്പോർട്ട് | - | 1. |

## സമിതിയുടെ ഘടന

**ചെയർപേഴ്സൺ :**

ശ്രീ. പി. പി. ചിത്തരഞ്ജൻ

**അംഗങ്ങൾ** :

ശ്രീ. എൻ.കെ. അക്ബർ

ശ്രീ. അനൂപ് ജേക്കബ്

ശ്രീമതി കാനത്തിൽ ജമീല*

ശ്രീ. കെ.ജെ. മാക്സി

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. എം. നൗഷാദ്

ശ്രീ. വി. ശശി

ശ്രീ. എം. വിൻസെന്റ്

**നിയമസഭാ സെക്രട്ടേറിയറ്റ്** :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി പ്രീത കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഷിഹാബുദീൻ എം., അണ്ടർ സെക്രട്ടറി

---

*2025 നവംബർ 29-ാം തീയതി അന്തരിച്ചു.

## ആമുഖം

പതിനഞ്ചാം കേരള നിയമസഭയിലെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026) യുടെ ചെയർപേഴ്സൺ ആയ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ (2016-2019) യുടെ ഒന്നാമത് റിപ്പോർട്ട് (സുനാമി പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ച ഫ്ലാറ്റുകളുടെ ശോച്യാവസ്ഥയും മത്സ്യത്തൊഴിലാളി കളുടെ വിവിധ പ്രശ്നങ്ങളും സംബന്ധിച്ച റിപ്പോർട്ട്) 2017 ആഗസ്റ്റ് 9-ാം തീയതി സഭയിൽ സമർപ്പിച്ചു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി 3-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**തിരുവനന്തപുരം,**
**2026 ഫെബ്രുവരി 5**

**പി. പി. ചിത്തരഞ്ജൻ,**
**ചെയർപേഴ്സൺ,**
**മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി.**

# റിപ്പോർട്ട്

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-2019) യുടെ ഒന്നാമത് റിപ്പോർട്ട് (സുനാമി പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ച ഫ്ലാറ്റുകളുടെ ശോച്യാവസ്ഥയും മത്സ്യത്തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങളും സംബന്ധിച്ച റിപ്പോർട്ട്) 2017 ആഗസ്റ്റ് 9-ാം തീയതി സഭയിൽ സമർപ്പിച്ചു.

സുനാമി ഫ്ലാറ്റുകളുടെ ശോച്യാവസ്ഥ സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സമിതി വിവിധ ജില്ലകളിലെ സുനാമി ഫ്ലാറ്റുകൾ സന്ദർശിക്കുകയും, വകുപ്പുദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങളും അഭിപ്രായങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ടിൽ 14 ശിപാർശകൾ ഉണ്ടായിരുന്നു.

പ്രസ്തുത ശിപാർശകളിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പകർപ്പ് 30-01-2018-ന് മത്സ്യബന്ധന തുറമുഖ വകുപ്പിലേക്ക് അയച്ചുകൊടുത്തിരുന്നു. മത്സ്യബന്ധന തുറമുഖ വകുപ്പിന്റ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശിപാർശകളിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണം, ദുരന്തനിവാരണം, വനിതാശിശു വികസനം എന്നീ വകുപ്പുകളോടും ആവശ്യപ്പെടുകയുണ്ടായി.

റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ മത്സ്യബന്ധന തുറമുഖം, തദ്ദേശ സ്വയംഭരണം, ദുരന്തനിവാരണം, വനിതാശിശു വികസനം എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

<u>**സമിതി ശിപാർശകളും അതിന്മേൽ സ്വീകരിച്ച നടപടികളും**</u>

| ക്രമ നം. | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1 | തീരദേശ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കണമെന്നും കുടിവെള്ള പദ്ധതി പ്രവർത്തനത്തിൽ ബോധപൂർവ്വം തടസ്സം സൃഷ്ടിക്കുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തി അവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | <u>**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ് (27-12-2018 ലെ സി1/223/2018/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**</u><br><br>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് ഭരണാനുമതി ലഭിച്ച് കേരള വാട്ടർ അതോറിറ്റിയുടെ ഡെപ്പോസിറ്റ് വർക്കായി 9326.34 ലക്ഷം രൂപ അടങ്കൽ തുകയിൽ 108 കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. 2007-08 മുതൽ 2014-15 സാമ്പത്തിക വർഷം വരെയുള്ള വിവിധ പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. കേരള വാട്ടർ അതോറിറ്റി മുഖേന 9 തീരദേശ ജില്ലകളിലായി ഏറ്റെടുത്ത് നടപ്പിലാക്കിയ 108 പദ്ധതികളിൽ 91 പദ്ധതികൾ ഇതിനോടകം തന്നെ പൂർത്തികരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്. 8 പദ്ധതികൾ പുരോഗമിച്ചു വരുന്നു. ഇതിൽ 7 എണ്ണവും പൂർത്തീകരണ ഘട്ടത്തിലാണ്. 4 വർക്കുകൾ വിവിധ കാരണങ്ങളാൽ നാളിതുവരെ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. 5 പദ്ധതികൾ സ്ഥല ലഭ്യത കുറവ്, മറ്റ് പദ്ധതികൾ പദ്ധതി പ്രദേശത്ത് നടപ്പിലാക്കിയത് എന്നിവ കാരണം ഉപേക്ഷിച്ചു.<br>ആരംഭിക്കാത്ത പദ്ധതികൾ ആരംഭിക്കുന്നതിനും നടപ്പിലാക്കി വരുന്ന പദ്ധതികൾ ധ്രുതഗതിയിൽ നടപ്പിലാക്കുന്നതിനുമായി ബഹു. ഫിഷറീസ് മന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി, കെ.എസ്.സി.എ.ഡി.സി. മാനേജിംഗ് ഡയറക്ടർ എന്നീ തലങ്ങളിൽ കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമായി നടത്തിയ അവലോകന യോഗ തീരുമാനങ്ങൾ പ്രകാരം ഇതിനോടകം തന്നെ പല തടസ്സങ്ങൾ മാറ്റുന്നതിനും പദ്ധതി നടപ്പിലാക്കു |
| 2 | കെ.എസ്.സി.എ.ഡി.സി ഫണ്ട് അനുവദിച്ച പദ്ധതികൾ പൂർത്തീകരിക്കാനാവശ്യമായ നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിക്കണമെന്നും ഇനിയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് വകുപ്പുകൾ സംയുക്തമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതിനും ഇക്കാര്യത്തിൽ മത്സ്യബന്ധന തുറമുഖ വകുപ്പ് ഏകോപനത്തിന് നേതൃത്വം നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. | |

| | | |
|---|---|---|
| | | ന്നതിനും പൂർത്തിയാക്കുന്നതിനും സാധിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ നാളിതുവരെ ആരംഭിക്കാൻ കഴിയാത്ത 5 പദ്ധതികൾ നിരവധി തവണ ടെണ്ടർ ചെയ്തിരുന്നുവെങ്കിലും ടെണ്ടർ ഏറ്റെടുക്കുന്നതിന് ആരും താത്പര്യപ്പെട്ടിട്ടില്ല.<br>**(11-07-2019 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 3 | തിരുവനന്തപുരം ജില്ലയിലെ ചപ്പാത്ത്, കരിങ്കുളം എന്നീ പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതികൾ സംബന്ധിച്ച പ്രവൃത്തികൾ ടെണ്ടർ എക്സസ് നൽകി പൂർത്തിയാക്കുകയോ അഥവാ 5.24 കോടി രൂപയ്ക്കുള്ളിൽ പ്രസ്തുത പ്രവൃത്തികൾ പ്രോജക്ട് റിവൈസ് ചെയ്ത് പൂർത്തിയാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**<br>**(27-12-2018 ലെ സി1/223/2018/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>തിരുവനന്തപുരം ജില്ലയിലെ അടിമലത്തുറ, അമ്പലത്തുമൂല, പൂവാർ, കരുംകുളം എന്നീ തീരദേശ വില്ലേജുകളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി കെ.എസ്.സി.എ.ഡി.സിയുടെ ഡെപ്പോസിറ്റ് തുകയിലൂടെ വിഭാവനം ചെയ്ത പദ്ധതിയാണ് “അടിമലത്തുറ, അമ്പലത്തുമൂല, പൂവാർ, കരുംകുളം എന്നീ തീരദേശ വില്ലേജുകൾക്കു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി". ജനുവരി 2012-ലും മാർച്ച് 2012-ലുമായി മത്സ്യബന്ധന തുറമുഖ വകുപ്പുകളിൽ നിന്നായി ആകെ 524 ലക്ഷം രൂപയുടെ ഭരണാനുമതി ഈ പദ്ധതിക്കായി ലഭിച്ചിട്ടുണ്ട്. കെ.എസ്.സി.എ.ഡി.സി യുടെ മാനേജിംഗ് ഡയറക്ടറും നെയ്യാറ്റിൻകര ജല അതോറിറ്റി വാട്ടർ സപ്ലൈ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലുള്ള എഗ്രിമെന്റ് പ്രകാരം കെ.എസ്.സി.എ.ഡി.സി ഒന്നാം ഗഡുവായി 250 ലക്ഷം രൂപ കേരള ജല അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു. പിന്നീട് ഈ പദ്ധതിയുടെ ഘടകങ്ങളായ വെൽ കം പമ്പ് ഹൗസ്, ഇൻഫിൽട്രേഷൻ ഗ്യാലറി, പമ്പ്സെറ്റ് സപ്ലൈ ചെയ്ത് സ്ഥാപിക്കൽ, പമ്പിംഗ് മെയിൻ സപ്ലൈ ചെയ്ത് സ്ഥാപിക്കൽ, ഉപരിതലജല സംഭരണിയുടെ നിർമ്മാണം, ജലവിതരണ ശൃംഖല സ്ഥാപിക്കൽ എന്നിവയുടെ എസ്റ്റിമേറ്റ് നെയ്യാറ്റിൻകര വാട്ടർ സപ്ലൈ ഡിവിഷൻ തയ്യാറാക്കുകയും മേലധികാരികളിൽ നിന്നും |

| | | |
|---|---|---|
| | | അംഗീകാരം വാങ്ങുകയും ചെയ്തു. വെൽ-കം-പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ എന്നിവയെ ഒറ്റ പാക്കേജാക്കിക്കൊണ്ട് 12.04.2013-ൽ ടെണ്ടർ ക്ഷണിക്കുകയും, അംഗീകാരത്തിനായി കേന്ദ്ര ഓഫീസിലേക്ക് അയയ്ക്കുകയും ചെയ്തു. അവിടെ നിന്നുള്ള നിർദ്ദേശ പ്രകാരം ടെണ്ടർ ഉപേക്ഷിക്കുകയും പദ്ധതിയുടെ വിവിധ ഘടകങ്ങളെ മൂന്ന് പാക്കേജുകളായി വീണ്ടും ടെണ്ടർ ചെയ്യുകയും ചെയ്തു. ഒന്നാമത്തെ പാക്കേജായ വെൽ കം പമ്പ് ഹൗസിന്റെ നിർമ്മാണത്തിന് 2 ടെണ്ടറുകൾ ലഭിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്തയാൾക്ക് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. എന്നാൽ രണ്ടാമത്തെ പാക്കേജിന് പല തവണ ടെണ്ടർ ചെയ്തിട്ടും ആരും ക്വാട്ട് ചെയ്തില്ല. അങ്ങനെ 02.08.2014-ൽ ടി പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി നെയ്യാറ്റിൻകര ഡിവിഷനിൽ നിന്നും തിരുവനന്തപുരം പ്രോജക്ട് ഡിവിഷൻ ഓഫീസിലേക്കു മാറ്റി.<br><br>ടി പദ്ധതിയുടെ കിണറും പമ്പ്ഹൗസും ഉൾപ്പെടുന്ന പാക്കേജിന്റെ പണി 50% പൂർത്തിയായി. കിണറിന്റെ അടിവശം പ്ലഗ്ഗ് ചെയ്യാനായി മണ്ണ് പരിശോധന നടത്തിയപ്പോൾ 13.5 മീറ്റർ താഴ്ചയിൽ കിണർ കുഴിയ്ക്കണമെന്ന റിപ്പോർട്ട് സമർപ്പിച്ചതു പ്രകാരം നിലവിലുള്ള കരാറുകാരനെക്കൊണ്ട് തുടർ പണികൾ ചെയ്യാൻ നിർദ്ദേശിച്ചിരുന്നെങ്കിലും ടിയാൻ പ്രവൃത്തികൾ തുടരാൻ നിർവാഹമില്ലായെന്നറിയിച്ചിരുന്നു. നിലവിൽ പണി താൽക്കാലികമായി നിർത്തി വയ്ക്കുകയും ചെയ്തു. മൈക്രോഫിൽട്ടർ ഉൾപ്പെടെയുള്ള ബാക്കി ഘടകങ്ങൾ ഒറ്റ പാക്കേജായി റീടെണ്ടർ വിളിച്ചുവെങ്കിലും ടെണ്ടർ തുക കൂടുതലായതിനാൽ ടെണ്ടർ ക്യാൻസൽ ചെയ്തു. ഡെപ്പോസിറ്റ് തുകയേക്കാൾ കൂടുതൽ ടെണ്ടർ തുക വന്നതിനാൽ കേരള ജല അതോറിറ്റിയുടെയും, കേരള സംസ്ഥാന തീരദേശ വികസന അതോറിറ്റിയുടെയും സംസ്ഥാന ഉദ്യോഗസ്ഥർ പങ്കെടുത്ത യോഗത്തിൽ |

| | | |
|---|---|---|
| | | പദ്ധതി പുനരവലോകനം ചെയ്യാൻ നിർദ്ദേശിക്കുകയും, അതനുസരിച്ച് നടത്തിയ പഠനത്തെ തുടർന്ന് പുതിയ പ്രൊപ്പോസൽ തയ്യാറാക്കി അംഗീകാരത്തിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിക്കുകയും, പദ്ധതിയുടെ അവസാന ഫലത്തിൽ വ്യത്യാസ മില്ലെങ്കിൽ പുതിയ ഡീവിയേഷൻ പ്രൊപ്പോസലുമായി മുന്നോട്ട് പോകുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പുതിയ പദ്ധതി പ്രകാരം 5.09 കോടി രൂപ മാത്രമേ അടങ്കൽ തുകയാവുകയുള്ളൂ. ഡീവിയേഷൻ പ്രൊപ്പോസലിന് അനുമതി ലഭിച്ചെങ്കിലും കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയുള്ള എൻ.ആർ. ഡി.ഡബ്ല്യൂ.പി പദ്ധതികൾക്ക് ഫണ്ട് ലഭിക്കാത്ത തിനാൽ പൂവ്വാർ പഞ്ചായത്തിലേയ്ക്കുള്ള ജലവിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് ഫണ്ട് കണ്ടെത്തേണ്ടതുണ്ട്. എന്നാൽ 07.10.2017-ൽ ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകയ്ക്കുള്ള നിർമ്മാണ പ്രവർത്തനം നടത്തുവാനുള്ള തീരുമാന മെടുത്ത പശ്ചാത്തലത്തിൽ അടിമലത്തുറയിൽ ഒരു ജലസംഭരണി നിർമ്മിച്ച് നിലവിൽ പണി നിർത്തി വെച്ചിരിക്കുന്ന കിണറിന്റെ പണികൾ പൂർത്തിയാക്കി അടിമലത്തുറ ഭാഗത്ത് ജല വിതരണം നടത്തുവാൻ തീരുമാനമായി. ഈ തീരുമാനത്തിന്റെ അടിസ്ഥാന ത്തിൽ തയ്യാറാക്കിയ പുതിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുകയും ദർഘാസ് ക്ഷണിക്കുകയും ചെയ്തു. എന്നാൽ ആദ്യത്തെ ദർഘാസിനു കരാറുകാർ ആരും പങ്കെടുത്തില്ല. ഈ പദ്ധതിയ്ക്കായി 04/2017 വരെ 18.12 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 26.04.2018-ന് ടെണ്ടർ വിളിച്ചിരുന്നെങ്കിലും ആരും പങ്കെടുക്കാ ത്തതിനാൽ 05.07.2018 വരെ ടെണ്ടർ ദീർഘിപ്പി ച്ചിരുന്നു. പുനർ ദർഘാസിനു ഒരാളിന്റെ മാത്രം ഓഫർ |

<table>
<tr><td></td><td></td><td>ലഭിച്ച സാഹചര്യത്തിൽ റീ-ടെണ്ടർ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്.<br>(11-07-2019 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)</td></tr>
<tr><td>4</td><td>ഒട്ടനവധി മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പ്രയോജനപ്രദമായ തീരദേശ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട വകുപ്പ് ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</td><td><u>മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്</u><br><u>(27-12-2018 ലെ സി1/223/2018/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u><br>RIDF, 13-ാം ധനകാര്യ കമ്മീഷൻ എന്നീ ധനസഹായം പ്രയോജനപ്പെടുത്തി ഫിഷറീസ് വകുപ്പ് വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>(11-07-2019 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)</td></tr>
<tr><td>5</td><td>സുനാമി ഫ്ലാറ്റുകളിലെ കക്കൂസ് മാലിന്യ സംസ്കരണത്തിനുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി എയ്റോബിക് ബിന്നുകളും പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ആവശ്യമായ പ്ലാന്റുകളും സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</td><td><u>(തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് 21-03-2025-ലെ WM2/353/2024-LSGD നമ്പർ കത്ത് മുഖേന ലഭിച്ചത്)</u><br>സുനാമി ഫ്ലാറ്റുകളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഊർജ്ജിതമായ നടപടികളാണ് തദ്ദേശ സ്വയംഭരണ വകുപ്പ് വിവിധ ഏജൻസികളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങൾ സമിതിയുടെ അറിവിലേയ്ക്കായി ചുവടെ ചേർക്കുന്നു .
<table>
<tr><th>ക്രമ നം</th><th>ജില്ല</th><th>സ്വീകരിച്ച നടപടി</th></tr>
<tr><td></td><td>തിരുവനന്തപുരം</td><td>സുനാമി ഫ്ലാറ്റുകളിലെ കക്കൂസ് മാലിന്യ സംസ്കരണത്തിനായി കാരോട് ഗ്രാമ പഞ്ചായത്തിൽ 97,10,000/-രൂപയുടെ പ്രോജക്ട് ഏറ്റെടുത്ത് M/s. CDD India എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.</td></tr>
<tr><td></td><td>കൊല്ലം</td><td>ചവറ ഗ്രാമ പഞ്ചായത്തിലെ ഭരണിക്കാവ്, പയ്യലിക്കാവ്</td></tr>
</table>
</td></tr>
</table>

| | | | | |
|---|---|---|---|---|
| | | | | സുനാമി ഫ്ലാറ്റുകളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. മയ്യനാട് സുനാമി കോളനിയിൽ ഇംപാക്ട് കേരളയുമായി ബന്ധപ്പെട്ട് കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി 3 എസ്.റ്റി.പി. കളുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| | | | തൃശ്ശൂർ | എടവിലങ്ങാട് ഗ്രാമ പഞ്ചായത്തിലെ സുനാമി കോളനിയിൽ സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ട് ഉപയോഗിച്ച് തുമ്പൂർമുഴി മോഡൽ ഏയ്റോബിക് ബിൻ സ്ഥാപിച്ചിട്ടുണ്ട്. കടപ്പുറം ഗ്രാമ പഞ്ചായത്തിൽ ഏറ്റെടുക്കുന്നതിനായി ദ്രവമാലിന്യ സംസ്കരണ പദ്ധതി WASH Institute മായി ചേർന്ന് പഠനം നടത്തി തുടർ നടപടികൾ സ്വീകരിച്ച് വരുന്നു, |
| | | | മലപ്പുറം | പൊന്നാനി നഗരസഭയിൽ പുനർഗേഹം ഫ്ലാറ്റിൽ റിംഗ് കമ്പോസ്റ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>ഫിഷറീസ് വകുപ്പ് മുഖേന STP നിർമ്മാണം പുരോഗമിച്ച് വരുന്നു. |
| | | | കോഴിക്കോട് | അഴിയൂർ ഗ്രാമ പഞ്ചായത്തിലെ സുനാമി ഫ്ലാറ്റിൽ തുമ്പൂർമുഴി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഒഞ്ചിയം ഗ്രാമ പഞ്ചായത്തിൽ ദ്രവ മാലിന്യ |

| | | |
|---|---|---|
| | | സംസ്കരണത്തിനായി 10 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്.<br>കാസർഗോഡ്<br>സുനാമി ഫ്ലാറ്റിൽ സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിന് 15 ലക്ഷം രൂപ വകയിരുത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| | | **((24-09-2025 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 6 | സുനാമി ഫ്ലാറ്റുകളിലെ നിർമ്മാണ ഘട്ടത്തിലുണ്ടായ പാകപ്പിഴകൾ മൂലം സംഭവിച്ചിട്ടുള്ള കേടുപാടുകൾ പരിശോധിച്ച് മത്സ്യത്തൊഴിലാളികളുടെ ഭവന അറ്റകുറ്റപ്പണികൾക്ക് അനുവദിക്കുന്ന തുകയിൽ ഉൾപ്പെടുത്തി ടി ഫ്ലാറ്റുകളുടെ ശോചനീയാവസ്ഥ പരിഹരിച്ച് നൽകുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ മത്സ്യബന്ധന തുറമുഖ വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്</u>**<br>**<u>(27-12-2018 ലെ സി1/223/2018/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>സുനാമി ഫ്ലാറ്റുകളുടെ നിർമ്മാണം റവന്യൂ വകുപ്പ് പൂർത്തീകരിച്ച് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതാണ്. മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയിരുന്നു. എന്നാൽ 2017-18 മുതൽ ഭവന അറ്റകുറ്റപ്പണി നടത്തുന്ന പദ്ധതി ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്നില്ല. തീരദേശത്തു നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള പുനരധിവാസ പദ്ധതിയാണ് ഫിഷറീസ് വകുപ്പ് നിലവിൽ നടപ്പാക്കുന്നത്.<br>**(11-07-2019 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 7 | ഒഴിവ് വരുന്ന സുനാമി ഫ്ലാറ്റുകൾ അർഹതപ്പെട്ടവർക്ക് അനുവദിച്ച് നൽകണമെന്നും ഫ്ലാറ്റുകളിൽ അനധികൃത താമസക്കാർ വസിക്കുന്നുണ്ടോയെന്ന് പരിശോധന നടത്തുന്നതിനും ഉണ്ടെങ്കിൽ അത്തരക്കാരെ ഒഴിപ്പിക്കുന്നതിനും ആവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>ദുരന്ത നിവാരണ (എ) വകുപ്പ്</u>**<br>**<u>(23-09-2025 ലെ ഡി.എം.ബി2/37/2021-ഡി.എം.ഡി. നമ്പർ കത്ത് കത്ത് മുഖേന ലഭിച്ചത്)</u>**<br>സുനാമി പുനരധിവാസ പദ്ധതിപ്രകാരമുള്ള ഭവനങ്ങളിൽ ചിലതിൽ ഗുണഭോക്താക്കളുടെ ബന്ധുക്കൾ താമസിച്ച് വരുന്നുണ്ടെന്നും കൂടാതെ ചില ഭവനങ്ങൾ/ഫ്ലാറ്റുകൾ എന്നിവയിൽ വാടകക്കാരോ മറ്റ് |

| | | |
|---|---|---|
| | | അനധികൃത താമസക്കാരോ ഉണ്ടെന്ന് കണ്ടെത്തി യതിന്റെ അടിസ്ഥാനത്തിൽ ഇത്തരക്കാരെ ഒഴിപ്പിച്ച് അർഹരായ മറ്റുള്ളവർക്ക് നല്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഒഴിഞ്ഞു കിടക്കുന്ന ഫ്ലാറ്റുകൾ/ വീടുകൾ അനുവദിച്ചു നൽകുന്നതിനായി നേരത്തേ ക്രോഡീകരിച്ച ലിസ്റ്റ് പ്രകാരം ഫ്ലാറ്റ് നല്കിയവയിൽ അനർഹമായി താമസിക്കുന്നവരെ ഒഴിപ്പിക്കുന്നതിനും, ഒഴിവുള്ള വീടുകൾ/ഫ്ലാറ്റുകൾ നേരത്തേ തയാറാക്കിയ മുൻഗണനാ ലിസ്റ്റ് പ്രകാരം അർഹരായവർക്ക് അനുവദിച്ചു നൽകുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട പഞ്ചായത്തുകൾക്കും, തഹസിൽദാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br>നോട്ടീസ് കാലാവധി കഴിഞ്ഞും ഒഴിഞ്ഞ് പോകാത്തവരെ ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി സ്ഥലം സന്ദർശിച്ച് ഒഴിപ്പിക്കൽ നോട്ടീസ് നൽകിയതിനെ തുടർന്ന് ചില താലൂക്കുകളിൽ അനധികൃത താമസക്കാർ ഒഴിഞ്ഞ് പോയിട്ടുള്ളതാണ്. ഒഴിഞ്ഞുപോകാത്ത അനധികൃത താമസക്കാരിൽ ഭൂരിഭാഗവും പോകുവാൻ മറ്റൊരിടമില്ലാത്തവരും, വിധവകളും, അഗതികളായ വരുമാണ്. ഇവരെ നിർബന്ധപൂർവ്വം ഒഴിപ്പിക്കുമ്പോൾ സംഘർഷാവസ്ഥക്കും കലാപത്തിനും സാധ്യതയുള്ള തിനാൽ പോലീസ് സഹായം ഉൾപ്പെടെയുള്ള ക്രമീകരണം ആവശ്യമാണെന്ന് കാണുന്നതായി സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ഗൗരവ തരമായ കൂടിയാലോചനയ്ക്കുശേഷം ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി മാത്രമേ ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുവാൻ നിർവ്വാഹമുള്ളു.പ്രസ്തുത മാസ്റ്റർ പ്ലാൻ തയ്യാറാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>**(24-09-2025 ലെ സമിതി യോഗത്തിൽ പരിഗണി ക്കുകയും അധികവിവരം ആരായുകയും ചെയ്തു.)**<br><br>സമിതി നിർദ്ദേശത്തിന്മേലുള്ള തുടർനടപടികൾ സമിതി |

| | | |
|---|---|---|
| | **24-09-2025 ലെ സമിതി യോഗം ആരാഞ്ഞ അധിക വിവരം**<br>സുനാമി ഫ്ലാറ്റുകളിൽ അനധികൃതമായി താമസിച്ചു വരുന്ന നിരാലംബരും അഗതികളുമായവരെ ഒഴിപ്പിക്കുന്നതിനായി വകുപ്പ് തയ്യാറാക്കിവരുന്ന മാസ്റ്റർ പ്ലാനിന്റെ വിശദ വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകി | (2019-21) യുടെ 4-ാമത് റിപ്പോർട്ടിന്മേലുള്ള നടപടികൾ സംബന്ധിച്ച ഫയലിൽ സ്വീകരിച്ചു വരുന്നു.<br>(ഫയൽ നമ്പർ KLS/4418/2025-FWC2) |
| 8 | സംസ്ഥാനത്തെ സുനാമി പുനരധിവാസ ഫ്ലാറ്റുകളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ അതിജീവനത്തിന് ഭൗതിക സാഹചര്യം ഒരുക്കുന്നതിലേക്കായി ഫ്ലാറ്റ് നിവാസികൾ അഭിമുഖീകരിക്കുന്ന പൊതുവായ പരാതികൾ സ്വീകരിച്ച് പരിഹാരം കണ്ടെത്തുവാൻ കൃത്യമായ ഇടവേളകളിൽ മത്സ്യബന്ധന വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥരോ അവരുടെ പ്രതിനിധികളോ ഫ്ലാറ്റ് സമുച്ചയം സന്ദർശിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **മത്സ്യബന്ധന തുറമുഖ (സി) വകുപ്പ് (27-12-2018 ലെ സി1/223/2018/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>തീരദേശമേഖലയിൽ മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി അവ അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ബന്ധപ്പെട്ട മത്സ്യഭവൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം നടപടികൾ സ്വീകരിച്ചു വരുന്നു.<br>**(11-07-2019 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 9 | ഭവന അറ്റകുറ്റപ്പണികൾക്ക് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ധനസഹായം സുനാമി പുനരധിവാസ ഫ്ലാറ്റുകളുടെ പൊതുവായ മെയിന്റനൻസിനായും ഉപയോഗപ്പെടുത്താവുന്നതാണ്. ഈ പദ്ധതി വിപുലപ്പെടുത്തി ആനുപാതികമായ ആനുകൂല്യം സുനാമി പുനരധിവാസ ഫ്ലാറ്റ് നിവാസികളായവർക്ക് വിഭജിച്ച് നൽകി ടി ഫ്ലാറ്റുകളുടെ നവീകരണം, അറ്റകുറ്റപ്പണികൾ എന്നിവ നിർവ്വഹിക്കുവാൻ വിനിയോഗിക്കുന്നതിന് മത്സ്യബന്ധന തുറമുഖ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **മത്സ്യബന്ധന തുറമുഖ (സി) വകുപ്പ് (27-12-2018 ലെ സി1/223/2018/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>ഫിഷറീസ് വകുപ്പ് മുൻവർഷങ്ങളിൽ ഭവന അറ്റകുറ്റപ്പണികൾക്കുള്ള പദ്ധതി നടപ്പിലാക്കിയിരുന്നുവെങ്കിലും 2017-18 മുതൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നില്ല. നിലവിൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി പാർപ്പിക്കുന്ന പുനരധിവാസ പദ്ധതിയാണ് നടപ്പിലാക്കുന്നത്.<br>**(11-07-2019 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |

| | | |
|---|---|---|
| 10 | തീരദേശ റോഡ് നിർമ്മാണ പദ്ധതിയിൽ റോഡുകൾ തെരഞ്ഞെടുക്കുമ്പോൾ സുനാമി പുനരധിവാസ ഫ്ലാറ്റുകളിലേക്കുള്ള റോഡുകൾക്ക് മുൻഗണന നൽകുവാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്</u>**<br>**<u>(27-12-2018 ലെ സി1/223/2018/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>തീരദേശ റോഡ് നിർമ്മാണ പദ്ധതിയിൽ റോഡുകൾ തിരഞ്ഞെടുക്കുമ്പോൾ സുനാമി പുനരധിവാസ ഫ്ലാറ്റുകളിലേയ്ക്കുള്ള റോഡുകൾക്ക് വകുപ്പ് മുൻഗണന നൽകുന്നുണ്ട്.<br>**(11-07-2019 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 11 | "ഹൻസിത" കപ്പൽ കൊല്ലം തുറമുഖ പരിസരത്ത് ഉറച്ചുപോകാനുണ്ടായ സാഹചര്യങ്ങൾ സംബന്ധിച്ച് സ്വതന്ത്ര ഉന്നതതല അന്വേഷണം നടത്തണമെന്നും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും കപ്പൽ തീരത്തു നിന്നും മാറ്റുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **<u>മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്</u>**<br>**<u>(27-12-2018 ലെ സി1/223/2018/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>കൊല്ലം കളക്ടറേറ്റിൽ നിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം കപ്പൽ പൊളിക്കുന്നതിന് 03.01.2018 തീയതിയിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ കൊല്ലം ജില്ലാ കളക്ടർ 'ഫെറോറോൾസ് & മെറ്റൽസ്' കണ്ണൂർ എന്ന കമ്പനിയ്ക്ക് അനുമതി നൽകിയിരുന്നു. ഭാഗികമായി പൊളിച്ചു മാറ്റിയെങ്കിലും പ്രതികൂല കാലാവസ്ഥ കാരണം നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ സമയപരിധി നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ട് ടി കമ്പനി കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച നടപടി ഫിഷറീസ് വകുപ്പല്ല സ്വീകരിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് നേരിട്ട് സമിതിയ്ക്ക് നൽകുന്നതിനായി ഹർജിയുടെ പകർപ്പ് തുറമുഖ വകുപ്പിന് നൽകിയിട്ടുണ്ട്.<br>**(11-07-2019 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)**<br><br>**<u>മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്</u>**<br>**<u>(19-08-2019 ലെ 96/ഇ 2/2018/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>മേക ഡ്രഡ്ജിംഗ് കമ്പനിയുടെ ഹൻസിത എന്ന കപ്പൽ കൊല്ലം തുറമുഖത്ത് പ്രവേശിപ്പിക്കുന്നതിനും റിപ്പയർ പ്രവൃത്തികൾ നടത്തുന്നതിനും തുറമുഖ വകുപ്പും കമ്പനിയും തമ്മിൽ സമ്മതപത്രം ഒപ്പുവയ്ക്കുകയും |

| | | |
|---|---|---|
| | | 15 ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിൽ കപ്പൽ 26-03-2013 ൽ തുറമുഖത്ത് പ്രവേശിക്കുകയും ചെയ്തു. കരാർ പ്രകാരം കപ്പൽ തുറമുഖത്തുനിന്ന് നീക്കാത്തതിനെതുടർന്ന് 10-05-2013 ന് മുൻപ് കപ്പൽ തുറമുഖത്ത് നിന്ന് നീക്കണമെന്ന് കാണിച്ച് തുറമുഖ ഡയറക്ടർ 04-05-2013-ൽ, കമ്പനിക്ക് കത്ത് നൽകി 06-05-2013-ൽ കപ്പൽ ഉടൻ നീക്കുന്നതാണെന്ന് അറിയിച്ചുകൊണ്ടും ബാങ്ക് ഗ്യാരണ്ടി കാലാവധി 11-11-2013 വരെ നീട്ടിക്കൊണ്ടും കമ്പനി അറിയിപ്പ് നൽകി.<br><br>വെസ്സൽ തുറമുഖത്ത് പ്രവേശിച്ച സമയം വിദേശ ഫ്ലാഗോടു കൂടിയാണ് വന്നത്. ആയതിനാൽ വിദേശ കപ്പലിന് ഈടാക്കുന്ന തുറമുഖ ചാർജ്ജുകളാണ് ഈടാക്കിയത്. 2008-ൽ ചൈനയിൽ നിന്നും മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന മേക എന്ന കമ്പനി വാങ്ങിയ കപ്പൽ ചില സാങ്കേതിക കാരണങ്ങളാലാണ് ഡ്രഡ്ജർ Comoros, ൽ രജിസ്റ്റർ ചെയ്യേണ്ടി വന്നത് എന്നും 2013 മുതൽ ഇന്ത്യൻ ഫ്ലാഗാക്കുവാൻ നടപടി തുടങ്ങിയെന്നും ആയതിനാൽ Coastal run vessel ആയി കണക്കാക്കി അധികമായി ഈടാക്കിയ തുക തിരികെ നൽകണമെന്നും കമ്പനി ആവശ്യപ്പെട്ടു. തുടർന്ന് മേക - 1 എന്ന ഡ്രഡ്ജർ മുംബൈ പോർട്ട് ഓഫ് രജിസ്ട്രിയിലേക്ക് മാറ്റിയത് 2013 മെയ് 24-ൽ ആയതിനാൽ അന്നുവരെ വിദേശ കപ്പലിന്റെ ചാർജ്ജുകൾ ഈടാക്കുന്നതിനും അതിനുശേഷം കോസ്റ്റൽ വെസ്സലിന്റെ ഫീസ് ഈടാക്കുവാനും തീരുമാനിച്ചു. എഗ്രിമെന്റ് കാലാവധി കഴിഞ്ഞതിനാൽ കപ്പൽ തുറമുഖത്തു നിന്ന് നീക്കുന്നതിന് 02-07-2013 ൽ വീണ്ടും കമ്പനിക്ക് നിർദ്ദേശം നല്കിയെങ്കിലും കപ്പൽ തുറമുഖത്ത് തന്നെ തുടരുകയാണ് ചെയ്തത്. തുടർന്ന് കപ്പൽ യഥാസമയം തുറമുഖ ചാർജ്ജുകൾ അടയ്ക്കാതാവുകയും കുടിശ്ശിക 35 ലക്ഷത്തിൽ അധികരിക്കുകയും ചെയ്തു. തുടർന്നും കപ്പൽ തുറമുഖത്തു തുടർന്നതിനാൽ കപ്പൽ തുറമുഖത്തു നിന്ന് മാറ്റണമെന്ന് ആവശ്യപ്പെട്ട് ഷിപ്പിംഗ് ഏജന്റിനും കമ്പനിക്കും തുറമുഖ |

| | | |
|---|---|---|
| | | ഡയറക്ടർ 02-08-2013, 26-08-2013, 02-09-2013, 18-10-2013 എന്നീ തീയതികളിൽ നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ ഈ നിർദ്ദേശങ്ങൾ എല്ലാം തന്നെ കമ്പനി അവഗണിക്കുകയാണുണ്ടായത്. ഷിപ്പിംഗ് കമ്പനി കപ്പൽ തുറമുഖത്തു നിന്ന് മാറ്റാത്ത തിനാൽ തുറമുഖ വകുപ്പ് വക ടഗ്ഗ് ഉപയോഗിച്ച് കപ്പൽ പുറം കടലിലേക്ക് മാറ്റി നങ്കൂരമിട്ടു. ഇതിനിടയിൽ തുറമുഖ ചാർജ്ജുകൾ വർദ്ധിപ്പിച്ചതിനെതിരെ ഷിപ്പിംഗ് കമ്പനി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും, തുറമുഖ ചാർജ്ജുകൾ വർദ്ധിപ്പിച്ചു. കൊണ്ടുള്ള ഉത്തരവ് ആക്ടിൽ വ്യവസ്ഥ ചെയ്തിരി ക്കുന്നതുപോലെ ഗസറ്റിൽ പ്രസിദ്ധീകരിച്ചില്ല എന്ന കാരണത്താൽ വർദ്ധിപ്പിച്ച തുക ഈടാക്കരുത് എന്ന് കാണിച്ച് ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കപ്പൽ പുറംകടലിൽ നങ്കൂരമിട്ടിരിക്കുന്നത് മത്സ്യബന്ധനത്തിന് തടസ്സം സൃഷ്ടിക്കുന്നതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാന ത്തിൽ കപ്പൽ അടിയന്തിരമായി മാറ്റുന്നതിന് തുറമുഖ ഡയറക്ടർ നിർദ്ദേശം നൽകി. 11-06-2014 ൽ കപ്പലിന് ക്ലിയറൻസ് നൽകണമെന്നുള്ള ഹൈക്കോടതിയുടെ 05-06-2014 ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ കപ്പൽ തുറമുഖത്ത് നിന്ന് കൊണ്ടു പോകാൻ തീരുമാനിച്ചതായി കമ്പനി അറിയിച്ചു വെങ്കിലും തുറമുഖ ചാർജ്ജുകൾ ഒടുക്കിയതിനുശേഷം മാത്രമേ ക്ലിയറൻസ് നൽകുകയുള്ളൂ എന്ന് തുറമുഖ വകുപ്പ് കമ്പനിയെ അറിയിച്ചു മോശമായ കാലാവസ്ഥ മൂലം പുറംകടലിൽ കിടന്ന കപ്പൽ നങ്കൂരം പൊട്ടി കരയിലേക്ക് വന്നതിനെത്തുടർന്ന്. 25-06-2016 ൽ കപ്പൽ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. കപ്പൽ മാറ്റുന്നതിന് മുംബൈയിൽ നിന്നും ടഗ്ഗ് എത്തിക്കുന്നതിന് 8 ദിവസം വേണ്ടിവരുമെന്ന് കമ്പനി അറിയിച്ച സാഹചര്യത്തിൽ 01-07-2016 ൽ തുറമുഖ വകുപ്പിന്റെ ടഗ്ഗ് ഉപയോഗിച്ച് ആഴക്കടലിലേക്ക് മാറ്റുന്നതിന് ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു. 2/7/2016 ലെ സ.ഉ.(സാധാ) 387/ 2016/മതുവ ഉത്തരവ് പ്രകാരം കപ്പൽ തുറമുഖത്തു നിന്ന് |

| | | |
|---|---|---|
| | | വിടുതൽ ചെയ്യുന്നതിന് സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. 13-07-2016-ൽ കപ്പൽ മാറ്റുന്നതു മായി ബന്ധപ്പെട്ട് ജില്ലാ ഭരണകൂടവും കമ്പനി പ്രകൃതിനിധികളും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും 21-07-2016 ന് മുമ്പായി കപ്പൽ കൊണ്ടുപോകാമെന്ന് കമ്പനി അറിയിയ്ക്കുകയുമുണ്ടായി. എന്നാൽ കമ്പനിയുടെ ടഗ്ഗും തുറമുഖ വകുപ്പിന്റെ ടഗ്ഗും ഉപയോഗിച്ച് കപ്പൽ മാറ്റാൻ 18-07-2016 മുതൽ 21-07-2016 വരെ പല ശ്രമങ്ങളും നടത്തിയെങ്കിലും അതിനു സാധിക്കാതെ വരികയാണുണ്ടായത്. തുറമുഖ പരിസരത്ത് കപ്പൽ ഉറച്ചുപോയതിനെ തുടർന്ന് കപ്പൽ പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, നിലവിൽ ടി നടപടികൾ 90% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>ഈ സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിൽ തുറമുഖ വകുപ്പിന്റെയും ജീവനക്കാരുടേയും ഭാഗത്തു നിന്ന് മനഃപൂർവ്വമായ വീഴ്ചകൾ ഉണ്ടായിട്ടില്ലാത്തതാണെന്ന് ബോധിപ്പിക്കുന്നു.<br>**(04-12-2019 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 12 | സുനാമി ഫ്ലാറ്റുകളിലെ കുടിവെള്ള വിതരണം, മെയിന്റനൻസ്, മാലിന്യ സംസ്കരണം എന്നിവയ്ക്കായി പ്രത്യേക പാക്കേജ് നടപ്പിലാക്കണമെന്നും സുനാമി പുനരധിവാസപദ്ധതിയിൽ നിന്ന് സർക്കാരിലേയ്ക്ക് തിരിച്ചടച്ചതിന് തുല്യമായ തുക പ്രസ്തുത പാക്കേജിൽ വകയിരുത്തണ മെന്നും പാക്കേജ് നടപ്പിലാക്കുന്നതുവരെ മത്സ്യബന്ധന തുറമുഖ വകുപ്പിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ സുനാമി ഫ്ലാറ്റുകളിൽ താമസിക്കുന്ന വർക്കുകൂടി അനുവദി ക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **<u>മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്</u>**<br>**<u>(27-12-2018 ലെ സി1/223/2018/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>സുനാമി ഫ്ലാറ്റുകളിൽ താമസിക്കുന്ന രജിസ്റ്റേഡ് മത്സ്യത്തൊഴിലാളികൾക്ക് വകുപ്പ് മുഖേന നടപ്പിലാക്കുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുള്ളതാണ്.<br>**(11-07-2019 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |

| | | |
|---|---|---|
| 13 | സുനാമി ഫ്ലാറ്റുകളോട് അനുബന്ധമായി ശിശുപരിപാലന കേന്ദ്രങ്ങളും റിക്രിയേഷൻ കേന്ദ്രങ്ങളും സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്</u>**<br>**<u>(27-12-2018 ലെ സി1/223/2018/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2018-19-ൽ 180 കോടി രൂപ അനുവദിച്ചതിൽ 150 കോടി രൂപ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനാണ് വകയിരുത്തിയിട്ടുള്ളത്. ബാക്കി 30 കോടി രൂപ ആരോഗ്യം, ശുചിത്വം, കുടിവെള്ളം, ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കാണ് വകയിരുത്തിയിട്ടുള്ളത്. സാമൂഹ്യ നീതി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നത് പരിഗണിക്കാവുന്നതാണ്.<br>**(11-07-2019 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)**<br><br>**<u>വനിതാശിശു വികസന (സി) വകുപ്പ്</u>**<br>**<u>(06-01-2023 ലെ WCD-C3/112/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>സംസ്ഥാനത്ത് ഇടുക്കി ജില്ലയൊഴികെ ബാക്കി 13 ജില്ലകളിലായി 16 ഗവ. ചിൽഡ്രൻസ് ഹോമുകളും സന്നദ്ധ സംഘടനകൾ നടത്തുന്ന 577 ചൈൽഡ് കെയർ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ എല്ലാം കൂടി ആകെ 9993 കുട്ടികൾ മാത്രമേ താമസിക്കുന്നുള്ളൂ. ആയതിനാൽ പുതിയ ഹോമുകൾ തുടങ്ങേണ്ട ആവശ്യകത വരുന്നില്ല. 2015-ലെ JJ Act പ്രകാരം സ്ഥാപന സംരക്ഷണം അവസാനത്തെ അത്താണിയാണ്. കുട്ടികളുടെ സ്ഥാപന സംരക്ഷണം വകുപ്പ് തലത്തിൽ പ്രോത്സാഹിപ്പിക്കുന്നില്ല. എന്നിരുന്നാലും സുനാമി ഫ്ലാറ്റുകളിൽ അച്ഛനമ്മമാരോടൊപ്പം കഴിയുന്ന കുട്ടികൾക്ക് സ്ഥാപന സംരക്ഷണം ആവശ്യമാകുന്ന പക്ഷം നിലവിലുള്ള സർക്കാർ/എൻ.ജി.ഒ ഹോമുകളിൽ ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ അനുമതിയോട് കൂടി മാത്രം |

| | | |
|---|---|---|
| | | കുട്ടികളെ താമസിപ്പിക്കാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു.<br>**(28-04-2023 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)**<br><br>**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**<br>**(20-09-2025 ലെ LSGD-DB1/502/2024 നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br><br>സുനാമി ഫ്ലാറ്റുകളോട് അനുബന്ധമായി ശിശു പരിപാലന കേന്ദ്രങ്ങളും റിക്രിയേഷൻ കേന്ദ്രങ്ങളും സ്ഥാപിക്കണമെന്ന ശിപാർശ 13 ൽ പ്രതിപാദിച്ചിരിക്കുന്ന സുനാമി ഫ്ലാറ്റുകളുടെ ഉടമസ്ഥത നിലവിൽ റവന്യൂ വകുപ്പിനാണ്. സുനാമി ഫ്ലാറ്റുകളോട് അനുബന്ധിച്ച് ശിശു പരിപാലന കേന്ദ്രങ്ങളും മാനസിക ഉല്ലാസ കേന്ദ്രങ്ങളും സ്ഥാപിക്കുന്നത് കുട്ടികളിലും, മുതിർന്നവരിലും മാനസിക ഉല്ലാസം പ്രദാനം ചെയ്യുന്നതിനും കുട്ടികളുടെ സുരക്ഷാ ഉറപ്പു വരുത്തുന്നതിനും സഹായകരമാകുന്നതാണ്.<br><br>സുനാമി കോളനിയിലെ കെട്ടിടങ്ങളുടെ അവസ്ഥ വളരെ മോശമാണെന്നും ആയതിനാൽ പ്രധാനമായും സുനാമി ഫ്ലാറ്റുകളുടെ അറ്റകുറ്റപണി നടത്തുന്നതിന് സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും സുനാമി ഫ്ലാറ്റുകളോട് അനുബന്ധമായി ശിശു പരിപാലന കേന്ദ്രങ്ങളും റിക്രിയേഷൻ കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിലേക്ക് സർക്കാർ നിർദ്ദേശാനുസരണം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണ സമിതി തീരുമാനപ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>**(24-09-2025 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |

| | | |
|---|---|---|
| 14 | സുനാമി ഫ്ലാറ്റുകളിൽ ചുറ്റുമതിൽ കെട്ടുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>തദ്ദേശ സ്വയംഭരണ (ഡി.ഇ) വകുപ്പ്</u>**<br>**<u>(11-09-2025 ലെ ഡി.ഇ 2/164/2024 തസ്വഭവ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>സുനാമി ഫ്ലാറ്റുകളിൽ ചുറ്റുമതിൽ കെട്ടുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ നിലവിലെ പാർപ്പിട പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം ചെയ്യാനാകില്ല എന്നതിനാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി മാർഗരേഖയിൽ ഉൾപെടുത്താനാകുമോ എന്ന് വകുപ്പ് പരിശോധിക്കുകയുണ്ടായി. സുനാമി ഫ്ലാറ്റുകളും അവ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ ഉൾപ്പെട്ടവയല്ലാത്തതിനാൽ അവയ്ക്കായി ചുറ്റുമതിൽ നിർമ്മിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിക്കുവാൻ നിലവിലെ ചട്ടപ്രകാരം കഴിയുകയില്ല. മേൽസാഹചര്യത്തിൽ ഫ്ലാറ്റുകൾ മത്സ്യ ബന്ധന വകുപ്പിന്റെ അധീനതയിൽ ഉള്ളവയായതിനാൽ ആ വകുപ്പിന്റെ സ്കീമുകളുടെ ഭാഗമായി പ്രവൃത്തികൾ നിർവഹിക്കുന്നത് ഉചിത നടപടിയാണ് എന്ന വിവരം അറിയിക്കുന്നു.<br>**(24-09-2025 ലെ തെളിവെടുപ്പ് യോഗത്തിൽ പരിഗണിക്കുകയും തുടർനിർദ്ദേശം നൽകുകയും ചെയ്തു)** |
| | <u>24-09-2025 ലെ സമിതി യോഗ നിർദ്ദേശം</u><br>സുനാമി ഫ്ലാറ്റുകൾ ഏതെങ്കിലും സ്ഥലങ്ങളിൽ ഇനിയും തദ്ദേശസ്വയം ഭരണ വകുപ്പിന് കൈമാറാനുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട കൈമാറ്റ നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകി. | സുനാമി ഫ്ലാറ്റുകളുടെ ഉടമസ്ഥാവകാശം തദ്ദേശസ്വയം ഭരണ വകുപ്പിന് കൈമാറണമെന്ന ആവശ്യം സമിതി (2023-26) യുടെ മൂന്നാമത് റിപ്പോർട്ടിൽ ശിപാർശയായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ശിപാർശയിന്മേൽ തുടർനടപടി സ്വീകരിച്ചുവരുന്നു.<br>(ഫയൽ നം. KLS/662/2025-FWC1) |

തിരുവനന്തപുരം,
2026 ഫെബ്രുവരി 3

പി. പി. ചിത്തരഞ്ജൻ,
ചെയർപേഴ്സൺ,
മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി.